**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1986** **16-03-2022 - ൽ മറുപടിയ്ക്ക്**

**ഭക്ഷ്യസുരക്ഷാ ഓഫീസർ റാങ്ക് ലിസ്റ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ | | null<br>(മുഖ്യമന്ത്രി) | |
| (എ) | കാറ്റഗറി നമ്പർ 499/2019 പ്രകാരം 2020 സെപ്റ്റംബർ 29 ന് പരീക്ഷ നടന്ന ഭക്ഷ്യസുരക്ഷാ ഓഫീസർ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിനായി ഇന്റർവ്യൂ തീയതി നിശ്ചയിച്ചിട്ടുണ്ടോ; ഇന്റർവ്യൂ നടത്തുന്നതിൽ കാലതാമസം നേരിടുന്നതിന് കാരണം വ്യക്തമാക്കുമോ; | (എ) | കാറ്റഗറി നമ്പർ 499/2019 ഭക്ഷ്യ സുരക്ഷാ ഓഫീസർ തസ്തികയിലേക്ക് നടന്ന പരീക്ഷയുടെ ചുരുക്കപ്പട്ടിക ഇതിനോടകം പ്രസിദ്ധീകരിക്കുകയും പട്ടികയിലുൾപ്പെട്ടവരുടെ ഒറ്റത്തവണ പ്രമാണ പരിശോധന പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. കോവിഡ് മൂന്നാം തരംഗത്തിന്റെ സാഹചര്യത്തിൽ വിവിധ തസ്തികകളിലേക്ക് നിശ്ചയിക്കപ്പെട്ടിരുന്ന അഭിമുഖങ്ങൾ (interview) നിർത്തി വയ്ക്കുകയും പുന:ക്രമീകരിക്കുകയും ചെയ്യേണ്ടി വന്നതിനാലാണ് അഭിമുഖം നടത്തുന്നതിന് കാലതാമസം നേരിട്ടിട്ടുള്ളത്. 2022 ഏപ്രിൽ മാസത്തിൽ ടി തസ്തികയുടെ അഭിമുഖം നടത്തുവാൻ നിശ്ചയിച്ചിട്ടുണ്ട്. |
| (ബി) | വിജ്ഞാപനം പ്രസിദ്ധീകരിച്ച് മൂന്നുവർഷം ആയിട്ടും റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ അടിയന്തരമായി ഇന്റർവ്യൂ നടത്തി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ച് നിയമനം നടത്തുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (ബി) | കാറ്റഗറി നമ്പർ 499/2019 ഭക്ഷ്യ സുരക്ഷാ ഓഫീസർ തസ്തികയിലേക്ക് നടന്ന പരീക്ഷയുടെ ചുരുക്കപ്പട്ടിക ഇതിനോടകം പ്രസിദ്ധീകരിക്കുകയും പട്ടികയിലുൾപ്പെട്ടവരുടെ ഒറ്റത്തവണ പ്രമാണ പരിശോധന പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. കോവിഡ് മൂന്നാം തരംഗത്തിന്റെ സാഹചര്യത്തിൽ വിവിധ തസ്തികകളിലേക്ക് നിശ്ചയിക്കപ്പെട്ടിരുന്ന അഭിമുഖങ്ങൾ (interview) നിർത്തി വയ്ക്കുകയും പുന:ക്രമീകരിക്കുകയും ചെയ്യേണ്ടി വന്നതിനാലാണ് അഭിമുഖം നടത്തുന്നതിന് കാലതാമസം നേരിട്ടിട്ടുള്ളത്. 2022 ഏപ്രിൽ മാസത്തിൽ ടി തസ്തികയുടെ അഭിമുഖം നടത്തുവാൻ നിശ്ചയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ